# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3536** | **15/07/2015-ൽ മറുപടിക്ക്**

## ചിക്കൻപോക്സിനെ പ്രതിരോധിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.ഉമ്മർ** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) ചിക്കൻപോക്സിനെ പ്രതിരോധിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) ചിക്കൻപോക്സ് സാധാരണ വേനൽക്കാലത്ത് ഉണ്ടാകുന്ന ഒരു രോഗമായിരുന്നു. എന്നാൽ ഇപ്പോൾ ഇത് മഴക്കാലത്തും ഉണ്ടാകുന്നുണ്ട്. ഈ രോഗത്തിന് വാക്സിനേഷൻ ഇല്ല. രോഗം വരുന്നവർക്ക് ആന്റി വൈറൽ മരുന്നുകൾ നൽകുന്നു. രോഗാരംഭത്തിൽ തന്നെ രോഗിയെ മറ്റുള്ളവരിൽ നിന്നും ഐസൊലേറ്റ് ചെയ്യുന്നു. വീട്ടിലായാലും ആശുപത്രിയിൽ ആയാലും ഇത് പാലിക്കാൻ ശ്രദ്ധിക്കുന്നു. ഈ രോഗത്തെപ്പറ്റിയും അത് പകരുന്നത് എപ്പോഴാണെന്നും രോഗം വന്നാൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളും സംബന്ധിച്ച് ജനങ്ങൾക്കും ആരോഗ്യ പ്രവർത്തകർക്കും വേണ്ട ബോധവൽക്കരണം നൽകിയിട്ടുണ്ട്. |
| ബി) ചിക്കൻപോക്സ് ബാധിക്കുന്ന കുട്ടികൾക്ക് ന്യൂമോണിയയെ പ്രതിരോധിക്കാൻ ആരോഗ്യവകുപ്പിൽ നിന്നും വൈറ്റമിൻ 'എ' വിതരണം നടത്തുന്നുണ്ടോ;; | ബി) ഇല്ല. |

| | |
|---|---|
| സി) കഴിഞ്ഞ ആറുമാസക്കാലമായി സംസ്ഥാനത്ത് വൈറ്റമിൻ 'എ'യുടെ വിതരണം നിലച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ